## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ: 2479 — 07.10.2016-ൽ മറുപടിയ്ക്ക്

### എരുമേലി ടൗൺഷിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.സി.ജോർജ്ജ് | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | ശബരിമലയുടെ കവാടമായ എരുമേലിയിൽ എരുമേലി ടൗൺഷിപ്പ് ആരംഭിയ്ക്കുമെന്ന് 2012-ലെ ബജറ്റിൽ പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| (ബി) | എരുമേലി ടൗൺഷിപ്പ് നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിയ്ക്കുവാൻ തയ്യാറാകുമോ; വിശദമാക്കുമോ? | (ബി) | കോട്ടയം ജില്ലയിലെ എരുമേലി ഗ്രാമപഞ്ചായത്തിനെ ഒരു ടൗൺഷിപ്പായി ഉയർത്തുന്നതാണെന്നും ആയതിലേക്കായി 2 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ടെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ, എരുമേലിയുടെ വികസനത്തിനായി "എരുമേലി ടൗൺഷിപ്പ് വികസന ഏജൻസി" എന്ന പേരിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് ജില്ലാ കളക്ടർ ചെയർമാനായി 12.03.2012-ൽ ജി.ഒ.(എം.എസ്) 64/2012/തസ്വഭവ പ്രകാരം ഒരു സൊസൈറ്റി രൂപീകരിച്ചിരുന്നു. തുടർന്ന് ഇതിനായുള്ള പ്രായോഗിക പ്രവർത്തനങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് 14/08/2012-ൽ ജി.ഒ.(എം.എസ്) 222/2012/തസ്വഭവ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ